# പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 253 02/03/2020-ൽ മറുപടിയ്ക്ക്

## ഹൃദ്രോഗ ശസ്ത്രക്രിയാ നിരക്ക്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ടി.വി.ഇബ്രാഹിം<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്** | **കെ.കെ.ശൈലജടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത ശിശു വികസനവും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | ഹൃദ്രോഗ ചികിത്സയ്ക്ക് ഏറ്റവും ചെലവു കുറഞ്ഞ സ്റ്റെന്റ് ഗ്രാഫ്റ്റും, ടിപ് ക്യാപ് ചറും സംസ്ഥാനത്ത് ലഭ്യമാണോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ), (ബി) & (സി) | ഹൃദയ ധമനികളിലെ തടസ്സം ഒഴിവാക്കുന്നതിനായി ഉപയോഗിക്കുന്ന മരുന്നടങ്ങിയതും അടങ്ങാത്തതുമായ 2 തരം സ്റ്റെന്റ് ഗ്രാഫ്റ്റുകളുടെയും വില ദേശീയ വിലനിയന്ത്രണ അതോറിറ്റി നിശ്ചയിച്ചിട്ടുണ്ട്. 29/3/2019-ലെ ഗസറ്റ് നോട്ടിഫിക്കേഷൻ S.O 1488(E) പ്രകാരം ബെയർ മെറ്റൽ സ്റ്റെന്റിന് 8,261/- രൂപയും ഡ്രഗ് എല്യൂട്ടിംഗ് സ്റ്റെന്റിന് 30,080/- രൂപയും സീലിംഗ് പ്രൈസ്, നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. ടിപ് ക്യാപ് ചർ എന്ന ഉപകരണത്തിന്റെ വില നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി നിശ്ചയിച്ചിട്ടില്ല. ഇത്തരം കാർഡിയാക് സ്റ്റെന്റുകൾ സംസ്ഥാനത്ത് ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്. ടിപ് ക്യാപ് ചറിന് സംസ്ഥാനത്ത് ദൗർലഭ്യം ഉള്ളതായി റിപ്പോർട്ടുകൾ ഒന്നും തന്നെയില്ല. |
| (ബി) | സംസ്ഥാനത്തെ ഹൃദ്രോഗ ശസ്ത്രക്രിയയുള്ള എല്ലാ ആശുപത്രികളിലും ഇത്തരം സേവനം ലഭ്യമാക്കാൻ കഴിയുമോയെന്ന് അറിയിക്കാമോ; | | |
| (സി) | ചെലവ് കുറഞ്ഞ സ്റ്റെന്റ് ഗ്രാഫ്റ്റിനും, ടിപ് ക്യാപ് ചറിനും എത്ര വിലയാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | | |
| (ഡി) | ഹൃദ്രോഗ ശസ്ത്രക്രിയയുടെ ചെലവ് കുറയ്ക്കുന്നതിന് വേണ്ടി സർക്കാർ ആവിഷ്കരിച്ച മറ്റു നടപടികൾ വ്യക്തമാക്കുമോ; | (ഡി) | ചികിത്സാ സഹായ പദ്ധതികളായ കാരുണ്യ ബനവലന്റ് ഫണ്ട്, കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (കാസ്പ്), ഹൃദ്യം തുടങ്ങിയവ നടപ്പിലാക്കിയിട്ടുണ്ട്. |
| (ഇ) | സ്വകാര്യ ആശുപത്രികളിൽ ഹൃദ്രോഗ ശസ്ത്രക്രിയയുടെ നിരക്ക് ഏകീകരിക്കുന്നതിന് വേണ്ടി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ഇ) | ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 2018 പ്രകാരം 01.01.2019 മുതൽ കേരളത്തിലെ സ്വകാര്യ ആശുപത്രികൾ ഉൾപ്പെടെ ഉള്ള എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങളുടെയും ഓൺലൈൻ താത്ക്കാലിക രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ട്. താത്ക്കാലിക രജിസ്ട്രേഷൻ സമയത്ത് ഓരോ ക്ലിനിക്കൽ സ്ഥാപനവും അതാതു സ്ഥാപനങ്ങളെ സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ അപ് ലോഡ് ചെയ്യേണ്ടതാണ്. ഇതിൽ സ്ഥാപനത്തിൽ ലഭ്യമായ സേവനങ്ങളും അവയുടെ നിരക്കുകളും സ്റ്റാഫുകളുടെപേരും, യോഗ്യതയും ഉപകരണങ്ങളുടെ വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. താൽക്കാലിക രജിസ്ട്രേഷൻ കാലാവധി 2 വർഷമാണ്. താൽക്കാലിക രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള എല്ലാ സ്ഥാപനങ്ങളും 2 വർഷത്തിനകം സ്ഥിരം രജിസ്ട്രേഷന് |

| | | | |
|---|---|---|---|
| | | | അപേക്ഷിക്കേണ്ടതാണ്. രജിസ്ട്രേഷൻ നൽകിയതിനുശേഷവും എന്തെങ്കിലും പിഴവുകൾ കണ്ടെത്തുകയാണെങ്കിൽ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാൻ കേരളാ സ്റ്റേറ്റ് കൗൺസിൽ ഫോർ ക്ലിനിക്കൽ എസ്റ്റാബ്ലിഷ് മെന്റിന് അധികാരമുണ്ട്.<br>ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 2018 പ്രകാരം ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷനുള്ള പ്രധാനപ്പെട്ട ഉപാധിയാണ് അതതു ക്ലിനിക്കൽ സ്ഥാപനങ്ങളിൽ നിന്ന് നൽകിവരുന്ന സേവനങ്ങൾക്ക് ഈടാക്കുന്ന ഫീസ് നിരക്ക് പ്രദർശിപ്പിക്കുക എന്നുള്ളത്. പ്രസ്തുത നിരക്ക് രോഗികളുടെയും ബന്ധുക്കളുടെയും അറിവിലേക്കായി ആ സ്ഥാപനത്തിലെ ശ്രദ്ധിക്കപ്പെടുന്ന സ്ഥലത്ത് ഇംഗ്ലീഷിലും മലയാളത്തിലും അച്ചടിച്ചോ, ഡിജിറ്റൽ ആയോ പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്. ഔദ്യോഗിക വെബ് സൈറ്റ് ഉള്ള സ്ഥാപനങ്ങൾ നിരക്കുകൾ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതും. പ്രസ്തുത വെബ് സൈറ്റ് സന്ദർശിക്കേണ്ട വിലാസവും വിധവും സാധാരണക്കാർക്ക് കൂടി മനസ്സിലാകത്തക്ക വിധത്തിൽ മലയാളത്തിലും ഇംഗ്ലീഷിലും പ്രദർശിപ്പിച്ചിരിക്കേണ്ടതുമാണ് എന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഈ മാനദണ്ഡങ്ങൾക്കെതിരെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് അനുസരിച്ച് റദ്ദാക്കപ്പെടാവുന്നതാണ്. |

സെക്ഷൻ ഓഫീസർ